(12) മയ്യനാട് സി. കേശവൻ മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. ആർ. എസ്. ഉണ്ണി : സർ, മയ്യനാട് സി. കേശവൻ മെമ്മോറിയൽ ഗവൺമെന്റ് ആശുപത്രിയുടെ നില ഗുരുതരമാണ്. ഗവൺമെന്റ് പുതിയ കെട്ടിടം അവിടെ കെട്ടിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഇതിനിടയ്ക്ക് മുൻമന്ത്രി അത് തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചു സ്റ്റാഫിനെ നിയമിച്ചു. അതെല്ലാം വർക്കിംഗ് അറേജ്മെന്റിന്റെ അടിസ്ഥാനത്തിൽ മാറ്റ് ആശുപത്രികളിലേക്ക് മാറ്റി. അഞ്ച് നേഴ്സുമാരുടെ പോസ്റ്റ് വേക്കൻറാണ്. എൽ. ഡി. ക്ലാർക്കുമാരുടെ നാല് പോസ്റ്റ് വേക്കൻറാണ്. ഫാർമസിസ്റ്റുകളുടെ പോസ്റ്റ് രണ്ടുമാസമായി വേക്കൻറാണ്. ധാരാളം ഇൻപേഷ്യൻറും ഔട്ട് പേഷ്യൻറുമുള്ള ആശുപത്രിയാണ്. പോസ്റ്റ് ചെയ്ത ആളുകളെ വർക്കിംഗ് അറേജ്മെൻറിൽ നിന്നുമാറ്റി എല്ലാവരേയും അവിടെ തിരിച്ചു പോസ്റ്റ് ചെയ്യണം. ആ ആശുപത്രി നല്ല നിലയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ചിടത്തോളം അസിസ്റ്റൻറ് സർജൻ ഒന്ന്, ജൂനിയർ നേഴ്സ് ആറ്, അസിസ്റ്റൻറ് മിഡ്വൈഫ് ഒന്ന്, നെഴ്സിംഗ് അസിസ്റ്റൻറ് 5, ഫോസ്പിറ്റൽ അസിസ്റ്റൻറ് 3, എൽ. ഡി. ക്ലാർക്ക് 1, പ്യൂൺ ഒന്ന്, ഇത്രയും തസ്തികയെ സംബന്ധിച്ച് ആർഡർ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അവിടെ പോസ്റ്റിംഗ് നടത്തിയെന്നാണ് റിപ്പോർട്ട്. ഏതായാലും ഉടൻ ജോയിൻചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെനിന്ന് ആരേയും ഇപ്പോൾ വർക്കിങ്ങ് അറേജ്മെൻറിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(13) കടപുഴ പാലംപണി പൂർത്തിയാക്കൽ

ശ്രീ. തോപ്പിൽ രവി : എന്റെ നിയോജകമണ്ഡലത്തിന്റെ കിഴക്കെ കല്ലടയിലും കോടക്കുഴിയുടെ നിയോജകമണ്ഡലത്തിലുള്ള പടിഞ്ഞാറെ കല്ലടയെയും ബന്ധിപ്പിക്കുന്ന ഒരു പ്രധാന പാലമാണ് കടപുഴ പാലം. ആ പാലത്തിന്റെ പണിതുടങ്ങിയിട്ട് കുറെ നാളായി. അനാഥപ്രേതംപോലെ കുറെ പൈൽസുകളും നിൽക്കുന്നുണ്ടെന്നുള്ളതല്ലാതെ അവിടെ വേറെ ഒരു പണിയും നടക്കുന്നില്ല. അവിടെ വലിയ അസംതൃപ്തിയും പ്രതിഷേധവും ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് കക്ഷിഭേദമെന്യേ ധർണ്ണനടത്തി. ശ്രീ. സുകുമാരനും ഞാനും ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ഈ പാലത്തിന് 8-9-1978-ൽ ഭരണാനുമതി നൽകിയതാണ്. പാലം പണിക്കുള്ള താമസം പാലം പണി കരാർ അനുസരിച്ച് നടന്നില്ല. 1980 ജൂലൈയിൽ കരാർ അവസാനിച്ചു. 39 ലക്ഷം രൂപയ്ക്ക് രണ്ടാമത് കരാർ കൊടുത്തു. 1982-ൽ പണി വീണ്ടും തുടങ്ങി. ഇതിന്റെ ഫൗണ്ടേഷൻ പണി നടത്തിയപ്പോൾ ഇതിന്റെ ഡിസൈനിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നു. ഡിസൈനിൽ ചില ഭേദഗതികൾ വരുത്തിക്കഴിഞ്ഞിട്ട് തുടർന്ന് പണി നടത്താൻ കരാറുകാരൻ അനാസ്ഥ കാണിച്ചു. 2/85 നു ശേഷം കരാറുകാരൻ പൂർണ്ണമായും പണി

LIBRARY ARCHIVES Kerala Legislative Assembly